## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 286** **28.10.2019-ൽ മറുപടിക്ക്**

**മാനന്തവാടി ജില്ല ആശുപത്രിയിൽ കാത്ത് ലാബ്**

**ചോദ്യം**

**ശ്രീ. ഒ.ആർ.കേളു**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**
( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാനന്തവാടി ജില്ല ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാത്ത് ലാബിന്റെ നിലവിലെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി ജില്ലാ ആശുപത്രിയിൽ അനുവദിച്ച കാത്ത് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപകരണം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം, ഇലക്ട്രിക്കൽ പവർ സപ്ലൈ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുള്ള ചുമതല കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിക്കാണ് നൽകിയിട്ടുള്ളത്. കാത്ത് ലാബും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ദർഘാസ് ക്ഷണിച്ച് വിപ്രോ ജി.ഇ. ഹെൽത്ത് കെയർ എന്ന കമ്പനിയുമായി കരാർ ഉറപ്പിച്ചിട്ടുണ്ട്. |
| (ബി) | കാത്ത് ലാബ് ഉടൻ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | സമയബന്ധിതമായി അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കി ആവശ്യമായ 250 കെ.വി. ഇലക്ട്രിക്കൽ പവർ സപ്ലൈയും ലഭ്യമാക്കി കാത്ത് ലാബ് പ്രവർത്തന സജ്ജമാകത്തക്കവിധമാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**